**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷാജഹാൻ എം.-ന്റെ - അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3232/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 06.10.2017.

==========================================================================

പരാമർശം:- 1. ജി.ഒ.(ആർ.റ്റി) 2874/2016/തസ്വഭവ, തീയതി 14.10.2016.

2. പഞ്ചായത്ത് ഡയറക്ടറുടെ 19.09.2017-ലെ ഇ 7-32527/2017 നമ്പർ കത്ത്.

3. 20.09.2017-ലെ സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 8049/എം/2014/സം.തി.ക. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പഞ്ചായത്ത് വകുപ്പിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. ഷാജഹാൻ എം.ന് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച അന്യത്ര സേവന കാലാവധി 19.10.2017-ന് അവസാനിക്കുന്നതിനാൽ 20.10.2017 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം (3)-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. ഷാജഹാൻ എം.-ന്റെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 20.10.2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് വകുപ്പിന് ആക്ഷേപമില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ഷാജഹാൻ എം.-ന്റെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 20.10.2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി ജെ ഷുക്കൂർ**

**ഡെപ്യൂട്ടി സെക്രട്ടറി.**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീ. ഷാജഹാൻ എം., അസിസ്റ്റന്റ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ